# മൂന്നു നോമ്പിലെ നമസ്ക്കാരം

## സന്ധ്യാനമസ്ക്കാരം

( കൗമാ)

1. കർത്താവേ, നിന്റെ വാതിലിൽ ഞങ്ങൾ മുട്ടുകയും നിന്റെ സമൃദ്ധിയേറിയ ശ്രീഭണ്ഡാരത്തിൽ നിന്ന് കരുണയും ദയയും യാചിക്കുകയും ചെയ്യുന്നു. ഞങ്ങൾ നിന്നെ സ്തോത്രം ചെയ്തു വന്ദിച്ച് സ്തുതി പാടുവാനായിട്ടു നിന്റെ കൃപയാൽ ഞങ്ങളുടെ കടങ്ങൾ ക്ഷമിക്കണമേ.

2. നമ്മിൽ നിന്നു ശിക്ഷകളും കോപത്തിന്റെ വടികളും നീക്കി മായിപ്പാനായിട്ടു ദൈവത്തോടു നിനുവയക്കാരെപ്പോലെ അതിവേദനയോടെ നാം യാചിക്കണം. സകല ജനവുമേ വരുവിൻ നമുക്കവനെ കുമ്പിട്ടു വന്ദിക്കാം.

3. അനുതാപികളുടെ നിർമ്മലസംഘങ്ങൾക്കായിട്ട് രാജകുമാരൻ അഴിവില്ലാത്ത വിരുന്നും പരിശുദ്ധ റൂഹായുടെ ജീവനുള്ള പാനീയവും തയ്യാറാക്കുന്നു. സകല ജനവുമേ വരുവിൻ നമുക്കവനെ കുമ്പിട്ടു വന്ദിക്കാം.

4. കാരുണ്യവാനേ! നിനുവയക്കാരെപ്പോലെ ഞങ്ങൾ നിന്നെ വിളിക്കുന്നു. ദോഷികളായ ഞങ്ങളോടു ദയവുണ്ടാകുകയും നിന്റെ കരുണയാൽ ഞങ്ങളുടെ ശുശ്രൂഷ കൈക്കൊള്ളുകയും ചെയ്യണമേ. ഞങ്ങൾ നിന്നെ സ്തോത്രം ചെയ്തു വന്ദിച്ച് നിനക്ക് സ്തുതി പാടുമാറാകണമെ. ബാറെക്മോർ.

5. കരുണ നിറഞ്ഞവനായ കർത്താവേ നിന്നിൽ സങ്കേതപ്പെടുന്ന പാപികളെ കടങ്ങളുടെ പരിഹാരത്തിന് നീ യോഗ്യരാക്കണമേ. അവരുടെ അനുതാപത്തിനു പ്രതിഫലം നൽകണമേ. ഞങ്ങൾ നിന്നെ സ്തോത്രം

ചെയ്തു വന്ദിച്ച് നിനക്ക്  സ്തുതി പാടുമാറാകണമെ.

1. ഉത്തമനും ദയവാനുമായ കർത്താവേ നിനക്ക് സ്തുതി. എല്ലാവിധത്തിലും മനുഷ്യരുടെ രക്ഷയെ നീ ആഗ്രഹിക്കുന്നു. മനുഷ്യ സ്നേഹമുള്ള കർത്താവേ സത്യത്തെ വെടിഞ്ഞ് പാപ വികാരങ്ങൾക്ക് അടിമപ്പെട്ട നിനുവയെ സാത്താന് ഓഹരിയായിത്തീരുവാൻ തക്കവണ്ണം നീ കൈവിട്ടില്ല എന്നാലോ ഉഗ്രമായ ന്യായത്തീർപ്പാൽ വഴിതെറ്റിൽ നിന്ന് അതിനെ തിരിക്കുകയും നിന്റെ തിരുനാമത്തിന്റെ നല്ല അവകാശമായിത്തീരുകയും അനുതാപത്താൽ ശ്രേഷ്ഠത പ്രാപിക്കുകയും ചെയ്തു.

2. പരാക്രമികളുടെ പട്ടണമായ നിനുവ മായയിൽ വഴിതെറ്റി സത്യ വഴിയെ വിട്ടു കളഞ്ഞു. അത് പാപത്തിന് ഓഹരിയാകുവാനായിട്ട് നീ അതിനെ ഉപേക്ഷിക്കാതെ നിന്റെ മനുഷ്യസ്നേഹത്താൽ നാശത്തിൽ നിന്ന് അതിനെ വീണ്ടെടുത്തു. നിന്റെ ദയയിൽ അതു സങ്കേതപ്പെട്ടു. നിന്റെ കൃപയാൽ രക്ഷ നേടി. കാർത്താവേ, ഇതാ നിന്റെ സഭ അതിന്റെ മക്കളോട് നീ കരുണ ചെയ് വാനായിട്ട് എല്ലായ് പ്പോഴും നിന്നോട് നിലവിളിക്കുന്നു.

3. കർത്താവേ നിന്റെ കരുണയുടെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു. നിന്നെ വന്ദിക്കുന്നവരിൽ നിന്നു അവരുടെ ആവശ്യങ്ങൾ നീ വിരോധിക്കരുതേ. പാപിനിയായ സ്ത്രീകണ്ണുനീരോടെ നിന്നോട് പ്രാർത്ഥിക്കുകയും നിന്നിൽ നിന്ന് അവൾ മോചനം പ്രാപിക്കുകയും ചെയ്തു. നിന്റെ ഇടവകയിലെ ആചാര്യൻമാരുടെ കണ്ണുനീരാൽ നീ സമ്പാദിച്ച സഭയോട് ദയ ചെയ്യണമേ. കർത്താവേ ഞങ്ങൾ പാപം ചെയ്തുവെന്ന് ഞങ്ങൾ അറിയുന്നു ഞങ്ങളുടെ തിന്മകൾ പെരുകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഉത്തമനായുള്ളോവേ കരുണയോടെ മനസ്സലിഞ്ഞ് അന്യായത്തിന്റെ എല്ലാ മാലിന്യങ്ങളിൽ നിന്നും ഞങ്ങളെ വെടിപ്പാക്കണമേ!

മൊറിയോറാഹേമലൈൻ ഉ ആദാറൈൻ

1. ദൈവത്തിന്റെ മുമ്പാകെ നിനുവ നഗരം അനുതപിക്കുകയും സ്വർഗ്ഗീയ വാതിലുകൾ തുറന്ന് കരുണ പ്രാപിക്കുകയും ചെയ്തു.രാജാവ് അനുതപിച്ച് ചാക്കുടുത്തു ദുഖിച്ചു. പ്രജകളും അതുകണ്ട് രട്ടുടുത്ത് തലയിൽ വെണ്ണീർ തൂകി. അവരുടെ അന്യായത്തിൽ നിന്ന് അവർ പിന്തിരിഞ്ഞു എന്ന് കർത്താവ് കണ്ടു. നീതിപൂർവ്വകമായ ശിക്ഷയെ പിൻവലിച്ചു. തൻറെ സന്നിധിയിലേക്ക് തിരിയുന്ന അനുതാപികളിൽ സന്തോഷിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

2. യൗനാൻ ദീർഘദർശി സ്വയമായി മരണം നിശ്ചയിച്ചു. നിനുവായക്കാർ നാൽപതു ദിവസത്തെ നോമ്പും നിശ്ചയിച്ചു. യൗനാൻ നിനുവ മറിച്ചിടുന്നതിനെ നോക്കിപ്പാർത്തു. താൻ അവരുടെ കണ്ണുനീർ കണ്ട് കരുണ ചൊരിയുകയും അവരുടെ അപേക്ഷയെ കൈക്കൊള്ളുകയും ചെയ്തു. ദൈവമേ, നിന്റെ വന്ദനവുകാരോട് നീ ഉത്തരമരുളുകയും നിന്റെ കരുണയാൽ അവരുടെ യാചനകൾക്ക് മറുപടി കൽപ്പിക്കുകയും ചെയ്യണമേ.

3. കർത്താവേ, പരിമള ധൂപത്തെ ഞങ്ങൾ സമർപ്പിച്ചു കൊണ്ട് നിന്റെ ശ്രീഭണ്ഡാരത്തിൽ നിന്ന് കരുണയും ദയയും ഞങ്ങൾ യാചിക്കുന്നു. എന്തെന്നാൽ നീ അനുകമ്പയുള്ളവനും അനുതാപികളിൽ ഇഷ്ടപ്പെടുന്നവനും ആകുന്നുവല്ലോ. ദൈവമായ കർത്താവേ, നീയല്ലാതെ ഞങ്ങൾക്ക് വേറെ ശരണവും ആശ്രയവും ഇല്ല. സങ്കടത്തോടും കണ്ണനീരോടും സ്നേഹത്തോടും വിശ്വാസത്തോടും കൂടി ഞങ്ങൾ യാചിക്കുന്നു. നല്ലവനേ ഞങ്ങളുടെ ശുശ്രൂഷ കൈക്കൊണ്ട് നിന്റെ കരുണയാൽ ഞങ്ങളുടെ യാചനകൾക്ക് ഉത്തരമരുളണമേ.

മൊറിയോ…

1. കർത്താവേ, നിന്നെ ഞങ്ങൾ നോക്കി വിളിക്കുന്നു. ഞങ്ങളുടെ സഹായത്തിനു വന്ന് ഞങ്ങളുടെ ആത്മാക്കൾ മേൽ കരുണ ചെയ്യണമേ.

2. നിനുവയിലെ ജനത്തെ അനുതാപത്തിലേക്ക് തിരിക്കുവാൻ യൗനാന് ദൈവത്തിൽ നിന്ന് വെളിപ്പാടുണ്ടായി. അതിനു് ന്യായത്തിർപ്പ് വിധിച്ചും കൊണ്ട് ദുഷ്ടതകൾ നീക്കിക്കളവാനായിട്ട് മാനസാന്തരം പ്രസംഗിപ്പാൻ തക്കവണ്ണം അവനെ താൻ അയക്കയും ചെയ്തു. 'നിന്റെ ദുഷ്ടതയും അധർമ്മങ്ങളും പെരുകിയിരിക്കുന്നതിനാൽ നിനുവയേ നിനക്കു കഷ്ടം! ഇനിയും നാൽപതു ദിവസത്തിനുള്ളിൽ നീ മൺ കൂമ്പാരമായിത്തീരും. നാൽപതു ദിവസത്തിനുള്ളിൽ നിന്റെ ഭംഗിയെല്ലാം വാടിപ്പോകയും നിന്റെ പ്രകാശം മുഴുവനും ഇരുണ്ടു പോകയും ചെയ്യും.'

3. പ്രസംഗക്കാരന്റെ വചനത്തെ ഒട്ടും സംശയിക്കാതെ യാചനയ്ക്കായി അവർ ഒരുമിച്ചു കൂടി. യൗനാനെ അവർ ശ്രദ്ധിക്കയും അവൻ പറഞ്ഞ സർവ്വവും സ്വീകരിച്ച് ഉറയ്ക്കയും ചെയ്തു. കർത്താവിനോട് യാചിപ്പാനായി അവർ ഒരുങ്ങി രാജാവും അധികാരികളും നഗരവാസികളുമെല്ലാം നിനുവയ്ക്കു മാനസാന്തരം പ്രസംഗിച്ച യൗനാന്റെ പ്രസംഗത്തിങ്കൽ ഇളകി. ജനങ്ങളെല്ലാം പരിഭ്രമിച്ചു.

4. സകലവും കേൾക്കുന്നവനും പ്രാർത്ഥനകൾ കൈക്കൊള്ളുന്നവനുമായ കർത്താവേ ഞങ്ങളുടെ അപേക്ഷ കേട്ട് ഞങ്ങളുടെ ആത്മാക്കൾ മേൽ കരുണ ചെയ്യണമേ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹാ…

കൗമാ

## സൂത്താറാ നമസ്ക്കാരം

(വലിയ നോമ്പിലെ സൂത്താറാ നമസ്ക്കാരം ഉപയോഗിക്കണം)